Mathrubhumi

5 june 2019

## പ്രകൃതിക്ക് ഹരിതക്കുട തീർക്കാൻ

# മിയാവാക്കി വനം



പുളിയറക്കോണത്തെ മിയാവാക്കി വനത്തിൽ ചെറിയാൻ മാത്യുവും സഹായി മധുവും

നാട്ടിലെ കാവുകളുടെ ചെറുപതിപ്പായി മിയാവാക്കി വനങ്ങൾ മാറുന്നു. തിരുവനന്തപുരം ഓർഗാനിക് ചാരിറ്റബിൾ സൊസൈറ്റിയും ഇതിന്റെ അമരക്കാരൻ ചെറിയാനുമാണ് പ്രകൃതിയുടെ ജൈവവൈവിധ്യം തിരിച്ചുപിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മിയാവാക്കി വനമൊരുക്കുന്നത്. സ്വകാര്യ പറമ്പിലും സ്ഥാപനങ്ങൾക്കുള്ളിലുമാണ് കൃത്രിമക്കാടൊരുക്കുന്നത്. അര സെന്റിലും ഒരു സെന്റിലുമൊക്കെ ഇത്തരം വനമൊരുക്കാം. ഉയരമുള്ള വൃക്ഷങ്ങളാൽ നിബിഡമായ കാട് നഗരങ്ങളെയും വനവത്കരിക്കുന്നതിനു സഹായിക്കും. ആവാസവ്യവസ്ഥയ്ക്കിണങ്ങുന്ന വലുതും ചെറുതുമായ മരങ്ങൾ നട്ടുവളർത്തിയാണ് കാടൊരുക്കുന്നത്. സ്വാഭാവിക കാടുകളേക്കാൾ ഉയർന്ന വളർച്ചാനിരക്കാണ് മിയാവാക്കി വനത്തിനുള്ളത്. 10–15 വർഷംകൊണ്ട് സ്വാഭാവിക വനത്തിനു തുല്യമായ കാട് രൂപപ്പെടുത്താനിതിനു സാധിക്കും.

ചെടി നടുന്നതിലുള്ള പ്രത്യേകതയാണിതിനു കാരണം. ഒരു ചതുരശ്ര മീറ്ററിനുള്ളിൽ മൂന്ന്, നാല് ചെടികൾ നടും. ഇതിൽ കുറ്റിച്ചെടികൾ, ചെറുമരം, വൻമരം, വള്ളിച്ചെടി എന്നിവ ഇടകലർത്തി നടുന്നതിലൂടെ വനത്തിനുള്ളിലെ പലതട്ടിലുള്ള ഇലവിന്യാസം സൃഷ്ടിക്കാം. തൈകൾ അടുപ്പിച്ച് നടുന്നതിനാൽ സൂര്യപ്രകാശത്തിനായി ചെടികൾ ഉയരത്തിലേക്കു വളരുന്നു. ഓരോ പ്രദേശത്തിനും അനുയോജ്യമായ ചെടികളെ കണ്ടെത്തിയാണ് വളർത്തുന്നത്.

രണ്ടരയടിയോളം ഉയരമുള്ള തൈകളാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്. തൈകൾ ഒരു മാസത്തോളം നടാനുദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കും. അവിടത്തെ കാലാവസ്ഥയോടു പൊരുത്തപ്പെടാനാണിത്. ഒരു മീറ്റർ ആഴത്തിൽ കുഴിയെടുത്ത് ചകിരിനാർ നിറച്ച് അതിനുള്ളിൽ ചാണകമോ ആട്ടിൻകാഷ്ഠം, കോഴിക്കാഷ്ഠം എന്നിവയോ ഉമിയോടൊപ്പം ചേർത്തു നടും.

ഒരു ചതുരശ്രമീറ്ററിൽ വനം വച്ചുപിടിപ്പിക്കാൻ 3500 രൂപയാണ് ചെലവ്. വിളപ്പിൽ പഞ്ചായത്തിൽ പുളിയറക്കോണം മൈലമൂട്ടിൽ ബിസിനസുകാരനായ ഹരികുമാറിന്റെ പുരയിടത്തിൽ ഒന്നര വർഷം മുൻപ് മിയാവാക്കി വനമൊരുക്കി. അവിടെ മരങ്ങൾ പതിനഞ്ചടിയിലേറെ ഉയരത്തിൽ വളർന്നിട്ടുണ്ട്.

പരിസ്ഥിതിദിനമായ ബുധനാഴ്ച വിളപ്പിൽശാല ഇ.എം.എസ്. അക്കാദമിയിൽ മിയാവാക്കി വനമൊരുക്കാനുള്ള തയ്യാറെടുപ്പിലാണ് ചെറിയാനും സംഘവും. രാവിലെ ഒൻപതിന് സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ മിയാവാക്കി വനത്തിൽ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം നിർവഹിക്കും.ഇ.എം.എസ്. അക്കാദമിയിൽ തയ്യാറാകുന്നത് ഏഴാമത്തേതാണ്. ജാപ്പനീസ് സസ്യശാസ്ത്രകാരനായ മിയാവാക്കി 1700 കാടുകളിലായി നാലുലക്ഷത്തോളം മരങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. ഇതു മാതൃകയാക്കാനാണ് സൊസൈറ്റി സെക്രട്ടറി ചെറിയാൻ മാത്യുവിന്റെയും സംഘത്തിന്റെയും ശ്രമം.